# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2574** | **19/3/2015** -ൽ മറുപടിക്ക്

## ജിക്കാ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. അൻവർ സാദത്ത് | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പമന്ത്രി) |
| (എ) | ജിക്കാ പദ്ധതികൾ കമ്മീഷൻ ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) | ജൈക്കാ പ്രോജക്ടിൽ ഉൾപ്പെട്ടിട്ടുള്ള അഞ്ച് പദ്ധതികളിൽ ചേർത്തല പദ്ധതി 03/1/2012-ൽ കമ്മീഷൻ ചെയ്തു. തിരുവനന്തപുരം പദ്ധതി 18/5/2010-ലും മീനാട് പദ്ധതി 24/2/2011-ലും പട്ടുവം പദ്ധതി 14/3/2013-ലും കോഴിക്കോട് പദ്ധതി 27/2/2015-ലും ഭാഗികമായി കമ്മീഷൻ ചെയ്യുകയുണ്ടായി. ഇനി പ്രധാനമായും പൂർത്തിയാക്കാനുള്ളത് തിരുവനന്തപുരം, മീനാട്, കോഴിക്കോട്, പട്ടുവം പദ്ധതികളുടെ വിതരണ ശൃംഖലയുടെ പണികളും തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളുമാണ്. 2015 ജൂൺ മാസം മുതൽ 2016 ജൂൺ മാസം വരെയുള്ള ഒരു വർഷക്കാലം കൊണ്ട് ഈ പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. |
| (ബി) | ഏതെല്ലാം പദ്ധതികൾ ഇതിനുകീഴിൽ കമ്മീഷൻ ചെയ്യുന്നുണ്ട്; വിശദമാക്കുമോ; | (ബി) | ജൈക്ക പദ്ധതികൾ പൂർണ്ണമായും കമ്മീഷൻ ചെയ്യുന്നതിന് താഴെപ്പറയുന്ന പണികൾ കൂടി പൂർത്തിയാക്കാനുണ്ട്. ബ്രാക്കറ്റിൽ അവ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള സമയക്രമവും കൊടുത്തിരിക്കുന്നു. |

1. തിരുവനന്തപുരം - വിതരണ ശൃംഖലയുടെ ബാക്കി പണികൾ (മാർച്ച് 2016)
2. തിരുവനന്തപുരം - റിഹാബിലിറ്റേഷൻ പ്രവർത്തനങ്ങൾ (ഡിസംബർ 2015)
3. മീനാട് - വിതരണ ശൃംഖലയുടെ ബാക്കി പണികൾ (മാർച്ച് 2016)
4. കോഴിക്കോട് - വിതരണ ശൃംഖലയുടെ ബാക്കി പണികൾ (ജൂൺ 2016)
5. കോഴിക്കോട് - റിഹാബിലിറ്റേഷൻ പ്രവർത്തനങ്ങൾ (ജൂൺ 2015)
6. പട്ടുവം - വിതരണ ശൃംഖലയുടെ ബാക്കി പണികൾ (ജൂൺ 2015)

ജൈക്ക വായ്പയുടെ നിലവിലുള്ള കാലാവധി 27/7/2015-ൽ അവസാനിക്കുന്നതിനാൽ 31/12/2016 വരെ നീട്ടിക്കിട്ടുന്നതിന് വേണ്ട നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| (സി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (സി) | ഭാഗികമായി കമ്മീഷൻ ചെയ്ത പദ്ധതികളുടെ ബാക്കി പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി സർക്കാർ തലത്തിലും വാട്ടർ അതോറിറ്റി തലത്തിലും യോഗങ്ങൾ ചേരുകയും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തുവരുന്നു. ജൈക്ക വായ്പാ പരിധി 31/12/2016 വരെ നീട്ടിക്കിട്ടുന്നതിനുള്ള നിർദ്ദേശം ജൈക്കയ്ക്ക് സമർപ്പിക്കുവാൻ നടപടി എടുത്തുവരുന്നു. |

സെക്ഷൻ ഓഫീസർ